പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2089 26-10-2026-ൽ മറുപടിയ്ക്ക്

സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ ലഭ്യത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. പി. സുമോദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

മറുപടി: വിലക്കയറ്റം തുടരുന്ന സാഹചര്യത്തിൽ, വിപണിയിൽ ഫലപ്രദമായ ഇടപെടൽ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള ഔട്ട്ലെറ്റുകളിൽ ആവശ്യമായ സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഡിപ്പോ, മേഖലാ, ഹെഡ് ഓഫീസ് തലങ്ങളിൽ പ്രതിവാര സ്റ്റോക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ ഓരോ ഔട്ട്ലെറ്റിലെയും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് സ്ഥിതി നിരന്തരം വിലയിരുത്തുകയും, ആവശ്യമായ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഓരോ മാസവും ഡിപ്പോകളിൽ നിന്നും ആവശ്യമായ സബ്സിഡി സാധനങ്ങളുടെ ഇൻഡന്റ് ശേഖരിച്ച്, ടെൻഡർ, ഇ-ഓക്ഷൻ തുടങ്ങിയ നടപടിക്രമങ്ങളിലൂടെ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഔട്ട്ലെറ്റുകളിൽ അവയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ